## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 37

04.02.2013 ൽ
മറുപടിയ്ക്ക്

### കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.കെ. ഗുരുദാസൻ** | | **ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)** | |
| (എ) | കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ 14/8/2012-ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്ര കൃഷിവകുപ്പിന്റെയും ധനവകുപ്പിന്റെയും അംഗീകാരം ലഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദീകരിക്കുമോ; | (ബി) | കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും എക്സ്പെൻഡിച്ചർ വകുപ്പിന്റെയും അംഗീകാരം ലഭിക്കുന്നതിന് തടസ്സമുള്ളതായി കേന്ദ്ര സർക്കാർ 23/12/2008-ലെ കത്ത് മുഖാന്തിരം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു. കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും അഭിപ്രായ ഐക്യവും, അംഗീകാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളുവെന്ന് കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി 23/7/2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്തു പ്രധാനമന്ത്രിയെ കണ്ട് നിവേദനം നൽകാൻ തയ്യാറാകുമോ ? | (സി) | കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സാധ്യമായ എല്ലാ സഹകരണവും നൽകുമെന്ന് മുഖ്യമന്ത്രി തന്നെ ബഹു. പ്രധാനമന്ത്രിയെയും ബഹു. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രിയെയും 14/8/2012-ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ